ഭരണഭാഷ – മാതൃഭാഷ

**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്**

**തിരുവനന്തപുരം**

നമ്പർ.**DTETVM/8808/2024-EG3 (EG)** തീയതി: **09-10-2024**

**പരിപത്രം**

വിഷയം:- സാങ്കേതിക വിദ്യാഭ്യാസം - ജീവനക്കാര്യം (ഗ്രഡേഷൻ) - ഈ വകുപ്പിന് കീഴിൽ **01.01.2016** മുതൽ **31.12.2017** വരെ വിവിധ ട്രേഡുകളിൽ ട്രേഡ്സ്മാൻ തസ്തികയിൽ നിയമനം ലഭിച്ച ജീവനക്കാരുടെ അന്തിമ സീനിയോറിറ്റി ലിസ്റ്റ് പരിഷ് കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്

സൂചന :- 1.സർക്കുലർ നമ്പർ **EG3/34859/18/DTE** തീയതി, **14.12.2018.**

2.നമ്പർ **EB5/35772/17/DTE** പ്രകാരമുള്ള **11.10.2017, 23.10.2017 & 16.03.2021** തീയതികളിലെ നടപടിക്രമം

3.സ.ഉ (കൈ) നം .**207/2020**/ഉ വിവ , തീയതി **10.06.2020**

4. കോഴിക്കോട്, സർക്കാർ എൻജിനിയറിംഗ് കോളേജ്, പ്രിൻസിപ്പലിൻറെ **26.07.2024** ലെ **GECK/772/2024-25** നമ്പർ കത്ത്.

സൂചനകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ വകുപ്പിന് കീഴിൽ **01.01.2016** മുതൽ **31.12.2017** വരെ വിവിധ ട്രേഡുകളിൽ ട്രേഡ്സ്മാൻ തസ്തികയിൽ നിയമനം ലഭിച്ച ജീവനക്കാരുടെ അന്തിമ സീനിയോറിറ്റി ലിസ്റ്റ് വായന **(1)** സർക്കുലർ പ്രകാരം പ്രസിദ്ധീകരിച്ചിരുന്നു.

കോഴിക്കോട്, സർക്കാർ എൻജിനിയറിംഗ് കോളേജിലെ ട്രേഡ്സ്മാൻ (മൌൽഡിങ് & ഫൌണ്ടറി) തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ.രതീഷ് കുമാർ സി ജി, സമർപ്പിച്ച അപേക്ഷയും, ടിയാൻറെ നിയമന/ സേവന വിവരങ്ങൾ ഉൾക്കൊള്ളുന്ന അനുബന്ധ രേഖകളും മേൽ നടപടികൾ സ്വീകരിക്കുന്നതിനായി സൂചന **(4)** കത്ത് പ്രകാരം പ്രിൻസിപ്പാൾ അയച്ചുനൽകിയിരുന്നു. ആയത് പ്രകാരം കോട്ടയം ജില്ലാ **PSC** യുടെ **15.09.2017** ലെ ട്രേഡ്സ്മാൻ തസ്തികയിലേക്കുള്ള നിയമന ശുപാർശ ടിയാന് ലഭിച്ചുവെങ്കിലും, കോട്ടയം ജില്ലയിൽ പ്രസ്തുത തസ്തികയിൽ ഒഴിവ് ഇല്ലാതിരുന്ന സാഹചര്യത്തിൽ **11.10.2017** ലെ **EB5/35772/17/DTE** നമ്പർ നടപടിക്രമമനുസരിച്ച് ഈ കാര്യാലയത്തിൽ റിപ്പോർട്ട് ചെയ്യാൻ നിർദേശം നൽകുകയും, അതിൻറെ അടിസ്ഥാനത്തിൽ **23.10.2017** ൽ ഈ കാര്യാലയത്തിൽ റിപ്പോർട്ട് ചെയ്യുകയുമുണ്ടായി..എന്നാൽ ഒഴിവിൻറെ അഭാവത്തിൽ **23.10.2017** ലെ **EB5/35772/17/DTE** നമ്പർ നടപടിക്രമം പ്രകാരം ടിയാനെ **retrench** ചെയ്തുകൊണ്ട് ഉത്തരവ് നൽകി.

തുടർന്ന് സൂചന **(3)** പ്രകാരമുള്ള സർക്കാർ ഉത്തരവിൻറെ അടിസ്ഥാനത്തിൽ ട്രേഡ്സ്മാൻ തസ്തികയിലെ നിയമനം സംസ്ഥാന തലത്തിൽ ആക്കിയതിൻറെ അടിസ്ഥാനത്തിൽ **16.03.2021** ലെ ഇബി5/35772/17/ഡിടിഇ നമ്പർ നിയമന ഉത്തരവ് പ്രകാരം ടിയാന് കോഴിക്കോട്, സർക്കാർ എൻജിനിയറിംഗ് കോളേജിൽ പുനർ നിയമനം നൽകുകയും **25.03.2021** ൽ ടിയാൻ ജോലിയിൽ പ്രവേശിക്കുകയും ചെയ്തു. ഈ സാഹചര്യത്തിൽ ടിയാൻ **01.01.2016** മുതൽ **31.12.2017** വരെ വിവിധ ട്രേഡുകളിൽ ട്രേഡ്സ്മാൻ തസ്തികയിൽ നിയമനം ലഭിച്ച ജീവനക്കാരുടെ അന്തിമ സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുവാൻ യോഗ്യനാണെന്നും, അതിനുവേണ്ട നടപടി സ്വീകരിക്കണമെന്നും അപേക്ഷപ്രകാരം ആവശ്യപ്പെട്ടിരിക്കുന്നു.

ശ്രീ.രതീഷ് കുമാർ സി ജി, യുടെ അപേക്ഷ വിശദമായി പരിശോധിക്കുകയും മേൽപറഞ്ഞ അന്തിമ സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുവാൻ ടിയാൻ യോഗ്യനാണെന്ന് ബോദ്ധ്യപ്പെടുകയും ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ വായന (1) സർക്കുലർ പ്രകാരം പ്രസിദ്ധീകരിച്ച ഈ വകുപ്പിൽ **01.01.2016** മുതൽ **31.12.2017** വരെ വിവിധ ട്രേഡുകളിൽ ട്രേഡ്സ്മാൻ തസ്തികയിൽ നിയമനം ലഭിച്ച ജീവനക്കാരുടെ അന്തിമ സീനിയോറിറ്റി ലിസ്റ്റിൽ ക്രമ നമ്പർ **7** ശ്രീ.അനീഷ്.കെ.ജോണി ക്ക് ശേഷം ക്രമ നമ്പർ **8** ആയി ശ്രീ.രതീഷ് കുമാർ സി ജി, യെ ഉൾപ്പെടുത്തി ലിസ്റ്റ് പരിഷ്കരിക്കുന്നതിൽ ആർക്കെങ്കിലും ആക്ഷേപമുണ്ടെങ്കിൽ ആയത് ഈ സർക്കുലർ പ്രസിദ്ധീകരിച്ച് **10** ദിവസത്തിനകം കാര്യാലയത്തിൽ രേഖാമൂലം അറിയിക്കേണ്ടതാണ്.

**Sunilkumar C V**

**SENIOR ADMINISTRATIVE OFFICER**

സ്വീകർത്താവ്

**1.** ഈ വകുപ്പിന് കീഴിലുള്ള എല്ലാ സ്ഥാപനമേധാവികൾക്കും ബന്ധപ്പെട്ട ജീവനക്കാർക്കും (**www.dtekerala.gov.in** എന്ന വെബ്സൈറ്റ് മുഖാന്തിരം)..

**2.** സുപ്രണ്ട്

**3.** സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

Signed by
Sunilkumar C V
Date: 09-10-2024 13:26:37